# ഹജ്ജ്

aj@vazhi.org

## നാമം

ഖുർആൻ അനുഷ്ഠിക്കണമെന്ന് കല്പിച്ച നിർബന്ധ ആരാധനയാകുന്നു ഹജ്ജ്. "സന്ദർശനം ഉദ്ദേശിക്കുക" എന്നത്രെ ഹജ്ജ് എന്ന വാക്കിൻെറ അർഥം. ഭൂമിയുടെ നാനാ ഭാഗങ്ങളിലുള്ള വിശ്വാസികൾ മക്കയിലെ വിശുദ്ധ കഅ്ബയെ സന്ദർശിക്കുവാനുദ്ദേശിച്ച് അവിടേക്ക് പോകുന്നതുകൊണ്ടാണ് അതിന് ആ നാമം ലഭിച്ചത്.

## ഹജ്ജ് എന്ത്?

അല്ലാഹു തൻെറ ദാസന്മാർക്ക് മഹത്തായ പ്രതിഫലം വാഗ്ദാനം ചെയ്ത പ്രധാനപ്പെട്ട ഒരാരാധനയാണ് ഹജ്ജ്. മക്കയിലെ വിശുദ്ധ കഅ്ബയിലേക്കുള്ള തീർഥാടനമാണത്. ലോകത്തുള്ള ഏകദൈവ വിശ്വാസികളുടെ സാർവലൗകിക സമ്മേളനം കൂടിയാണ് ഹജ്ജ്. ഭൂമിയിലെ മറ്റു മതവിഭാഗങ്ങളുടെയും ആചാരങ്ങളിൽനിന്നും തികച്ചും വ്യത്യസ്തമാണ് ഈ ആരാധനാരീതി. ഒരേ വിശ്വാസത്തോടും ചിന്താഗതിയോടും ഒരേ രീതിയിലുള്ള പ്രാർഥനാമന്ത്രങ്ങളോടും കൂടി, ഒരേ രീതിയിലുള്ള വസ്ത്രത്തിൽ ഒരു സ്ഥലത്ത് നിഷ്കളങ്ക ഹൃദയത്തോടും മാനസിക ഐക്യത്തോടും ഒരേ ഉദ്ദേശ്യത്തോടെയും ഒരുമിച്ചുകൂട്ടുന്ന ഈ രീതി ഇസ്‌ലാമിന് മാത്രം അവകാശപ്പെട്ടതാണ്. അവരെല്ലാം അവിടെ വെച്ച് ചെയ്യുന്നത് ഒരേ കർമമാണ്. ഒരേ ഒരു നേതാവാണ് അവർക്കവിടെ ഉണ്ടാവുക. ലോകത്ത് സമാധാനം നിലനിർത്താനുള്ള ശാശ്വതമയ ഏർപ്പാടാണിത്. മനുഷ്യലോകത്തെ ഏകോദര സഹോദരന്മാരും സഹകാരികളുമാക്കാൻ ഇതിനെക്കാൾ മികച്ച രീതിശാസ്ത്രം വേറെയില്ല.

## ഹജ്ജ് നിർബന്ധമാകുന്നതാർക്കെല്ലാം

ധനം, ശരീരം, ബുദ്ധി, യാത്രാമാർഗം എന്നിവ ഉള്ള ഒരാൾ ജീവിതത്തിൽ ഒരിക്കൽ ഹജ്ജ് നിർവഹിക്കൽ നിർബന്ധമാണ്. അല്ലാഹു പറഞ്ഞു:

*"ആ മന്ദിരത്തിൽ (കഅ്ബാലയത്തിൽ) എത്തിച്ചേരാൻ കഴിവുള്ള മനുഷ്യർ അതിലേക്ക് തീർഥാടനം ചെയ്യൽ അവർക്ക് അല്ലാഹുവോടുള്ള ബാധ്യതയാകുന്നു. വല്ലവനും അവിശ്വസിക്കുന്ന പക്ഷം അല്ലാഹു ലോകരിൽ ആരുടെയും ആശ്രയം ഇല്ലാത്തവനാകുന്നു."* (അദ്ധ്യായം, 2: 97)

പ്രവാചകൻ(സ) പറഞ്ഞു: "അല്ലാഹുവിൻെറ വീട് വരെ എത്താനുള്ള യാത്രാചെലവും വാഹന സൗകര്യവും ഉണ്ടായിരുന്നിട്ടും ഹജ്ജ് കർമം നിർവഹിക്കാത്ത ഒരാൾ ആ സ്ഥിതിയിൽ മരിക്കുന്നതും ഒരു ജൂതനോ ക്രിസ്ത്യാനിയോ ആയി മരിക്കുന്നതും രണ്ടും സമമാണ്."
അത്തരക്കാരുടെ മേൽ കപ്പം ചുമത്താൻ പോലും ഖലീഫാ ഉമർ ഉദ്ദേശിക്കുകയുണ്ടായി.

## ഹജ്ജ് എന്തുകൊണ്ട് കഅ്ബയിൽ?

ലോക മുസ്‌ലിംകളുടെ കേന്ദ്രമാണ് കഅ്ബ. മഹാനായ ഇബ്റാഹീം നബിയും മകൻ ഇസ്മാഈൽ നബിയുമാണത് പണിതത്. ഏകദൈവമായ അല്ലാഹുവിൻെറ കല്പന പ്രകാരമാണ് അവർ രണ്ടു പേരും അത് മക്കയിൽ പണിതത്. അതിന് സ്ഥലം നിർണയിച്ചത് അല്ലാഹുവാകുന്നു. അത് ഏകദൈവവിശ്വാസികളുടെ കേന്ദ്രമെന്നതോടൊപ്പം ഹജ്ജ് ചെയ്യാനുള്ള സ്ഥലവുമായി നിശ്ചയിച്ചത് അല്ലാഹുവാകുന്നു. ഏകദൈവ വിശ്വാസികൾ ജീവിതത്തിൽ ഒരിക്കലെങ്കിലും പ്രസ്തുത കേന്ദ്രത്തോട് ബന്ധപ്പെടുകയും അവിടെ സമ്മേളിച്ച് തങ്ങളുടെ ജീവിതവും സംസ്കാരവും ഒന്നാണെന്ന് ലോകത്തെ ബോധ്യപ്പെടുത്തും വിധം ആ കേന്ദ്രത്തെ പ്രദക്ഷിണം വെക്കുകയും ചെയ്യണം. അല്ലാഹു പറഞ്ഞു:

*"ജനങ്ങളെ ഹജ്ജിനായി ക്ഷണിക്കുക. എന്നാൽ, അവർ തങ്ങളുടെ ഐഹികവും പാരത്രികവുമായ ഗുണങ്ങളറിയാനും അല്ലാഹു അവർക്ക് നല്കിയിട്ടുള്ള മൃഗങ്ങളുടെ മേൽ നിശ്ചിത ദിനങ്ങളിൽ (ബലിക്കായി) അല്ലാഹുവിൻെറ നാമം ഉച്ചരിക്കാനും വേണ്ടി കാൽനടയായും മെലിഞ്ഞൊട്ടിയ ഒട്ടകപ്പുറത്ത് യാത്ര ചെയ്തും നിൻെറ വിളിക്കുത്തരമായി വിദൂരമായ എല്ലാ ഗിരിമാർഗങ്ങളിലൂടെയും വന്നു കൂടുന്നതാണ്."*

## ചരിത്രപരത

ഹജ്ജിൽ പ്രധാനമായും മൂന്നു മഹാ മനുഷ്യർ ഓർമിക്കപ്പെടുന്നുണ്ട്. മഹാനായ ഇബ്റാഹീം നബി, മകൻ ഇസ്മാഈൽ നബി, അദ്ദേഹത്തിൻെറ മാതാവ് ഹാജറാ ബീവി. അവരെ ഓർക്കാതെ ഹജ്ജ് പൂർണമാകുന്നില്ല. കാരണം, അവരെ സംബന്ധിച്ച സ്മരണകളുടെ അയവിറക്കൽ കൂടിയാണ് ഹജ്ജിലെ കർമങ്ങളിലുള്ളത്.

## പുറപ്പെടുന്നതിനു മുമ്പ്

1. യാത്ര പുറപ്പെടുന്നതിനു മുമ്പ് ഹജ്ജിലെ കർമങ്ങൾ, അതുമായി ബന്ധപ്പെട്ട സ്ഥല ങ്ങൾ എന്നിവയെ സംബന്ധിച്ച് മനസ്സിലാക്കിയിരിക്കുക. അതിനുതകുന്ന കൃതികളോ അനു ഭവജ്ഞരായ പണ്ഡിതരുടെ സേവനമോ തേടുക.
2. സാമ്പത്തിക ഇടപാടുകൾ തീർക്കുക, പിണങ്ങി നിൽക്കുന്നവരുമായി ബന്ധം നല്ല രീതി യിൽ കൂട്ടിച്ചേർക്കുക, തന്നെ ആശ്രയിച്ചു ജീവിക്കുന്ന ആളുകളുടെ മാന്യമായ ചെലവിനുള്ള സംവിധാനം ചെയ്തുകൊടുക്കുക മുതലായ കാര്യങ്ങൾ ഗൗരവത്തോടെ ചെയ്യണം.
3. അനുവദനീയ മാർഗേണ സമ്പാദിച്ച ധനം കൊണ്ടു മാത്രമേ ഹജ്ജ് ചെയ്യാവൂ. അതല്ലാ ത്തത് അല്ലാഹു സ്വീകരിക്കുന്നതല്ല.
4. സ്ത്രീ ഭർത്താവിൻെറയോ വിവാഹം നിഷിദ്ധമായവരുടെയോ കൂടെയല്ലാതെ ഹജ്ജ് ചെ യ്യരുത്. പ്രവാചകൻ അക്കാര്യം പ്രത്യേകം വിലക്കുകയുണ്ടായി.
5. അല്ലാഹുവിൻെറ പൊരുത്തവും പ്രീതിയും മാത്രം ലക്ഷ്യമാക്കുക. ആഢംബരവും പൊങ്ങ ച്ചവും ഇല്ലാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക.
6. പുകവലി പോലെയുള്ള ശീലം ഉപേക്ഷിക്കാൻ ശ്രമിക്കുക.
7. കഴിയുന്നത്ര പ്രാഥമിക മരുന്നകൾ കൈവശം വെക്കുക.
8. പ്രധാനപ്പെട്ട ഒരു ആരാധനാ കർമമാണ് ഹജ്ജ്. അത് പരമാവധി കുറ്റമറ്റതാക്കാൻ ശ്രമിക്കുക.
9. യാത്രയിൽ പരമാവധി വിട്ടുവീഴ്ചയും സേവന മനഃസ്ഥിതിയും പ്രകടിപ്പിക്കുക.
10. തനിക്ക് വൈജ്ഞാനികമായും ആത്മീയമായും ഉപകരിക്കുന്ന കൂട്ടുകാരെ സഹവാസ ത്തിനായി കണ്ടെത്തുക

## മീഖാത്തിൽ ചെയ്യേണ്ടത്

1. നഖം മുറിക്കുക. കക്ഷം, ഗുഹ്യഭാഗം എന്നിവിടങ്ങളിൽനിന്ന് രോമം നീക്കം ചെയ്യുക. മീശ വെട്ടുക.
2. കുളിക്കുക, ശരീരത്തിൽ സുഗന്ധം പുരട്ടുക. (വസ്ത്രത്തിലല്ല
3. തുന്നിയ വസ്ത്രങ്ങൾ ഒഴിവാക്കുക. പുരുഷൻ തുണിയും മേൽമുണ്ടും സ്ത്രീ ശരീരം മറയ്ക്കുന്ന വസ്ത്രങ്ങളും ധരിക്കുക
4. വുദുവിൻെറ സുന്നത്ത് എന്ന നിയ്യത്തോടെ രണ്ട് റക്അത്ത് നമസ്കരിക്കുക. തുടർന്ന് ഇഹ്റാമിൽ പ്രവേശിക്കുക
5.. തൽബിയത്ത് ചൊല്ലുക.

## ഹജ്ജിൻെറ മൂന്ന് രീതികൾ

**1. തമത്തുഅ്**

ഉംറക്കു വേണ്ടി മാത്രം ഇഹ്റാം ചെയ്യുക. പിന്നീട് മക്കയിൽ താമസിക്കുന്ന സ്ഥലത്തുവെച്ച് ഹജ്ജിന് ഇഹ്റാം ചെയ്യുക. മീഖാത്തിൽ വെച്ച് ഇങ്ങനെ പറയുക: ***ലബ്ബയ്ക ഉംറതൻ മുതമത്തിഅൻ ബിഹാ ഇലൽ ഹജ്ജി.*** ഇതാണ് ഹജ്ജിൻെറ ഏറ്റവും നല്ല രൂപം. വിശിഷ്യാ ഹജ്ജിന് മുമ്പ് മക്കയിൽ വന്നാൽ. മക്കയിലെ താമസ സ്ഥലത്തുവെച്ച് വീണ്ടും ഇഹ്റാം ചെയ്യുമ്പോൾ ലബ്ബയ്ക ഹജ്ജൻ എന്നു പറയുക. ഈ ഹജ്ജിന് മൃഗബലി നിർബന്ധ മാകുന്നു.

**2. ഖിറാൻ**

ഒരേ സ്ഥലത്തു വെച്ചു തന്നെ ഹജ്ജിനും ഉംറക്കും ഒരുമിച്ചു ഇഹ്റാം ചെയ്യുക. ***ലബ്ബയ്ക ഉംറതൻ വഹജ്ജൻ*** എന്നു പറയുക. ആദ്യം ഉംറ ചെയ്യുക. എന്നിട്ട് ദുൽഹജ്ജ് പത്തു വരെ ഇഹ്റാമിൽ തന്നെ തുടരുക. ഈ ഹജ്ജിനും ബലി നിർബന്ധമാണ്.

**3. ഇഫ്റാദ്**

ഹജ്ജ് മാത്രം ഉദ്ദേശിച്ചുകൊണ്ട് മീഖാത്തിൽ വെച്ച് ഇഹ്റാം കെട്ടുക. ***ലബ്ബയ്ക ഹജ്ജൻ*** എന്നു പറയുക. ഈ ഹജ്ജിൽ ബലി നിർബന്ധമില്ല.

## ഹജ്ജ് കർമം

1. ദുർഹജ്ജ് എട്ടിന് നിശ്ചിത മീഖാതിൽ വെച്ച് ഇഹ്റാം ചെയ്യുക. لبيك اللهم حجة എന്ന് മനസ്സിൽ കരുതുക.
2. മിനയിലേക്ക് പോവുക. അന്ന് രാത്രി അവിടെ താമസിക്കുക. ളുഹ്ർ, അസ്വ്ർ, ഇശാ എന്നിവ ചുരുക്കി നമസ്കരിക്കുക. എല്ലാ നമസ്കാരവും ജമാഅത്തായി നമ സ്കരിക്കുക

3. ദുൽഹജ്ജ് ഒമ്പതിന് പ്രഭാതത്തിൽ അറഫയിലേക്ക് പോവുക. ളുഹ്റും അസ്വ്റും ളുഹ്റിൻെറ സമയത്ത് ചുരുക്കി നമസ്കരിക്കുക. തൽബിയത് ചൊല്ലുകയും പ്രാർഥനയിൽ മുഴുകുകയും ചെയ്യുക.
4. സൂര്യാസ്തമയത്തിനു ശേഷം മുസ്ദലിഫയിൽ വരിക. അവിടെ വെച്ച് മഗ്രിബും ഇശാഉം ഇശാഇൻെറ സമയത്ത് നമസ്കരിക്കുക. ഇശാ രണ്ട് റക്അത്തായി ചുരുക്കണം. അന്ന് അവിടെ രാപ്പാർക്കുക. പ്രഭാതത്തിൽ ഫജ്ർ നമസ്കാര ശേഷം മശ്അറുൽ ഹറാം പള്ളിക്ക് സമീപം തങ്ങി കൂടുതലായി ദിക്റുകൾ ചൊല്ലുക.
5. പെരുന്നാൾ ദിവസം സൂര്യോദയത്തിനു മുമ്പ് തൽബിയത്ത് ചൊല്ലിക്കൊണ്ട് മിനായിലേക്ക് പോവുക. മുസ്ദലിഫയിൽനിന്നോ മറ്റോ കല്ലുകൾ ശേഖരിക്കുക. മിനയിലെത്തിയാൽ സൂര്യോദയ ശേഷം ഏഴ് കല്ലുകൾ കൊണ്ട് ജംറത്തുൽ കുബ്റയെ എറിയുക.
6. ഒരു മൃഗത്തെ അറുത്ത് മാംസം വിതരണം ചെയ്യുക.
7. തല മുണ്ഡനം ചെയ്യുകയോ മുടി മുറിക്കുകയോ ചെയ്യുക. സാധാരണ വസ്ത്രം ധരിക്കുക.
8. മക്കയിലേക്ക് പോവുക. ഏഴ് തവണ കഅ്ബയെ പ്രദക്ഷിണം ചെയ്യുക.
9. സഫാ-മർവക്കിടയിൽ ഏഴ് തവണ സഅ്യ് ചെയ്യുക.
10. ഈദ് ദിനത്തിൽ മിനയിൽ തന്നെ താമസിക്കുക. എല്ലാ ദിവസവും ളുഹ്റിനു ശേഷം ജംറകളിൽ എറിയുക.
11. വിടവാങ്ങൾ ത്വവാഫ്. മക്ക വിടാൻ നിശ്ചയിച്ചാലാണിത്. മക്കയോട് വിട പറയുന്നത് കഅ്ബയെ ത്വവാഫ് ചെയ്തുകൊണ്ടായിരിക്കണം.

## ചില നിർദ്ദേശങ്ങൾ

1. ഹജജ് ലോക മുസ്‌ലിം സമ്മേളനമാണ്. ലക്ഷങ്ങൾ ഒരുമിച്ചു കൂടുന്ന ആ സ്ഥലത്ത് സാമൂഹിക മര്യാദ കണിശമായി പാലിക്കണം. സൗഹൃദവും സാഹോദര്യവും കഴിയുന്നത്ര പ്രകടിപ്പിക്കണം.
2. പുകവലിക്കുന്നത് ഒഴിവാക്കുക
3. സ്ത്രീകളുമായി കൂടിക്കലരുന്നതും അവരെ സ്പർശിക്കുന്നതും ഒഴിവാക്കുക
4. ത്വവാഫ്, സഅ്യ്, കല്ലേറ് തുടങ്ങിയ സ്ഥലങ്ങളിൽ സമീപമുള്ളവരോട് സൗമ്യമായി പെരുമാറുക.
5. ഫോണുകൾ ചെയ്യാൻ നേരത്തെ തന്നെ കാർഡുകൾ സൂക്ഷിച്ചു വെക്കുക.
6. സംസം ദുരുപയോഗം ചെയ്യാതിരിക്കുക.
7. ആധുനിക സംവിധാനങ്ങൾ ചെയ്തിട്ടുള്ളത് പ്രയാസവും അപകടവും ഒഴിവാക്കാനാണ്. സൗകര്യങ്ങൾ കഴിയുന്നത്ര ഉപയോഗിക്കുക.
8. ഹജജ് വാളണ്ടിയർമാരിൽനിന്നോ ബന്ധപ്പെട്ടവരിൽനിന്നോ ലഭിക്കുന്ന നിർദ്ദേശങ്ങൾ കണിശമായും പാലിക്കുക.
9. ബാഡ്ജ് കൈവശം ഉണ്ടെന്ന് ശ്രദ്ധിക്കുക. അത് നഷ്ടപ്പെടാനിടയാകരുത്.
10. താമസിക്കാൻ നിർദ്ദേശിച്ചു തന്ന സ്ഥലത്തു മാത്രം താമസിക്കുക.
11. തമ്പിൽനിന്ന് പുറത്തുപോകുമ്പോൾ പ്രത്യേകം അടയാളം വെക്കണം. വഴി മാറാൻ സാധ്യതയുണ്ട്.
12. റോഡ് മുറിച്ചു കടക്കുമ്പോൾ പ്രത്യേകം ശ്രദ്ധിക്കുക. വാഹനം വരുന്നത് ശ്രദ്ധിച്ചു വേണം റോഡ് മുറിച്ചുകടക്കുവാൻ.
13. സംസം ടാപ്പുകളിലെ വെള്ളമോ ബോട്ടിൽ വെള്ളമോ കുടിക്കാനുപയോഗിക്കുക.
14. അപ്പപ്പോൾ ലഭിക്കുന്ന പഠനക്ലാസുകൾ ശ്രദ്ധിക്കുക.

## ഹജജിൽ നിഷിദ്ധമായ കാര്യങ്ങൾ

**(പുരുഷന്മാർക്കും സ്ത്രീകൾക്കും ബാധകമായവ)**

1. തലയിൽനിന്നോ മറ്റു ശരീര ഭാഗങ്ങളിൽനിന്നോ മുടി നീക്കം ചെയ്യൽ.
2. നഖം മുറിക്കൽ. നിർബന്ധ സാഹചര്യങ്ങളിൽ ആകാവുന്നതാണ്.
3. സുഗന്ധം പൂശൽ
4. ലൈംഗിക ബന്ധം, പൂരക സംഗതികൾ, വിവാഹം പോലുള്ളവ
5. കൈയുറ ധരിക്കൽ
6. വേട്ടയാടൽ

(പുരുഷന്മാർക്ക് മാത്രം ബാധകമായവ)

1. തുന്നിക്കെട്ടിയ വസ്ത്രം ധരിക്കൽ. ബെൽട്ട് ആകാവുന്നതാണ്.
2. തൊപ്പി പോലുള്ളവ കൊണ്ട് തല മറയ്ക്കൽ. തണൽ കൊള്ളാം.

## റുക്നുകൾ

1. ഇഹ്റാം 2. അറഫയിൽ തങ്ങൽ. 3. ത്വവാഫുൽ ഇഫാദ. 4. സഅ്യ്

## നിർബന്ധ കാര്യങ്ങൾ

1. മീഖാത്തിൽ വെച്ച് ഇഹ്റാം ചെയ്യൽ
2. സൂര്യാസ്തമയം വരെ അറഫയിൽ നിൽക്കൽ
3. പുലരുവോളം മുസ്ദലിഫയിൽ രാപ്പാർക്കുക
4. അയ്യാമുത്തശ്രീഖിൽ മിനയിൽ പാർക്കുക
5. അയ്യാമുത്തശ്രീഖിൽ ജംറകളിൽ എറിയുക
6. മുടി കളയുക അല്ലെങ്കിൽ കളയുക
7. ത്വവാഫ് വിദാഅ്

## ഹജ്ജിൻെറ സദ്ഫലങ്ങൾ

1. മനസ്സിൽ ഭക്തിയും സ്നേഹവും വർധിപ്പിക്കുകയും അവൻെറ ആജ്ഞകൾ പാലിച്ചു ജീവിക്കാനുള്ള സന്നദ്ധത ഉണ്ടാക്കുകയും ചെയ്യുന്നു. ഭക്തിയും കർത്തവ്യബോധവും വർധിപ്പിക്കുന്നു. സ്രഷ്ടാവും മനുഷ്യനും തമ്മിലുള്ള ബന്ധം ശക്തമായി ഊട്ടിയുറപ്പിക്കുന്ന വിധ ത്തിലാണ് ഹജ്ജ് സംവിധാനിച്ചിട്ടുള്ളത്.

2. സ്വാർഥത്തിൽനിന്നും ദേഹേഛയിൽനിന്നും മനസ്സിനെ സംശുദ്ധമാക്കി ജീവിതത്തെ നന്മയുറ്റതാക്കുന്നു. പാപങ്ങളിൽനിന്നും ജീവിതത്തെ സുരക്ഷിതമാക്കി നിർത്താനുള്ള ആവേശം ഹൃദയത്തിൽ നിറയുന്നു. ബഹുദൈവത്വത്തിൻെറയോ ദുഷിച്ച ചിന്തകളുടെയോ ചെറിയ വികാരം പോലും മനസ്സിൽ പ്രവേശിക്കാത്ത രീതിയിൽ വിശുദ്ധി മനസ്സിൽ നിറക്കുന്നു.

3. വിശ്വാസത്തോടും തദൃശ ജീവിതത്തോടും സുദൃഢബന്ധവും അതിനു വേണ്ടി ത്യാഗം അനുഷ്ഠിക്കാനുള്ള കരുത്തും ഉണ്ടാക്കിയെടുക്കുന്നു. കാരണം, വിശുദ്ധനായ ഇബ്റാഹീമിനെ അനുകരിച്ച് കർമം ചെയ്ത് ആത്മീയോന്നതി കൈവരിക്കുകയാണ് അവിടെ വെച്ച് ചെയ്യുന്നത്.

4. ജനങ്ങളുമായുള്ള ബന്ധം നന്നാക്കുന്നതിനും ഇടപാടുകളിൽ മാന്യതയും വിശുദ്ധിയും കൈക്കൊള്ളുന്നതിനും ഹജ്ജ് പ്രേരണ നല്കുന്നു.

5. ദരിദ്രരോട് സഹാനുഭൂതിയും സഹകരണ മനസ്സും വളർത്തിയെടുക്കുന്നു.

6. മനസ്സിൽ എപ്പോഴും മരണചിന്ത ഉണ്ടാവുകയും അതുമുഖേന കർമങ്ങളിലും ബന്ധങ്ങളിലും സംസ്കരണം കൈക്കൊള്ളാൻ നിർബന്ധിതനാകുകയും ചെയ്യുന്നു.

7. തൻേത് മുഴുവൻ അല്ലാഹുവിൻെറതാണ്, അതിനാൽ അവൻെറ പൊരുത്തത്തിനും നിർദ്ദേശങ്ങൾക്കുമനുസരിച്ചു മാത്രമേ പ്രവർത്തിക്കാവൂ എന്ന ചിന്ത മനസ്സിൽ ഉണ്ടാവുകയും അല്ലാഹുവിൻെറ ശിരസാവഹിക്കാനുള്ള ത്വര മനസ്സിൽ ഊട്ടിയുറപ്പിക്കുകയും ചെയ്യുന്നു.